# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 17 | 2018 |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### പുണ്യംപൂങ്കാവനം പദ്ധതിക്ക് തുടക്കമായി

പുണ്യംപൂങ്കാവനം പദ്ധതിയുടെ മണ്ഡല കാലത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ശബരിമല സന്നിധാനം, നിലയ്ക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങൾ ശുചിയായി സൂക്ഷിക്കുക, പരിസ്ഥിതിക്ക് കോട്ടം വരാതെ സുരക്ഷിതവും സുഗമവുമായി തീർഥാടനം നടത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. സന്നിധാനത്ത് ശബരിമല സ്പെഷ്യൽ കമ്മീഷണറും കൊല്ലം ജില്ലാ ജഡ്ജിയുമായ എം. മനോജ് പദ്ധതിയുടെ ഉദ്ഘാടനം നിലവിളക്ക് കൊളുത്തി നിർവഹിച്ചു. മാലിന്യങ്ങൾ അലക്ഷ്യമായി എറിയുന്ന ശീലത്തിൽ നിന്ന് ചവറ്റുകുട്ടയിൽ നിക്ഷേപിക്കാനുള്ള ശീലം വളർത്തിയെടുക്കാൻ കഴിഞ്ഞത് പദ്ധതിയുടെ വിജയമാണെന്ന് അദ്ദേഹം പറഞ്ഞു.

ആറാം വർഷമാണ് പുണ്യപൂങ്കാവനം പദ്ധതി പ്രകാരം ശബരിമലയിൽ ശുചീകരണപ്രവർത്തനം നടത്തുന്നത്. ദേശീയ സേനകളായ എൻ.ഡി.ആർ.എഫ്, ആർ.എ.എഫ്, സംസ്ഥാനപോലീസ്, ഫയർഫോഴ്സ്, എസ്.ബി.ഐ, സന്നദ്ധപ്രവർത്തകർ, ദേവസ്വം ജീവനക്കാർ, തീർഥാടകർ എന്നിവരടങ്ങുന്ന സംഘമാണ് ശുചീകരണത്തിന് രംഗത്തുള്ളത്. തീർഥാടനകാലത്ത് ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക് അടക്കമുള്ള വസ്തുക്കൾ പ്രകൃതിക്ക് ഹാനികരമാകുന്നത് തടയുന്നതിനാണ് പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത്. വലിയ തോതിൽ നിക്ഷേപിക്കപ്പെടുന്ന ഇത്തരം മാലിന്യങ്ങൾ വനമേഖലയിലെ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയാണ്. ഇത് ഫലപ്രദമായി തടയുന്നതിന് പുണ്യംപൂങ്കാവനം പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ചവറ്റുകുട്ടയിൽ മാലിന്യം നിക്ഷേപിക്കുന്നതിനുള്ള ശീലം വളർത്തിയെടുക്കാൻ കഴിഞ്ഞത് ബോധവൽക്കരണം തീർഥാടകരിൽ ഫലപ്രദമായി എത്തിക്കാൻ പുണ്യംപൂങ്കാവനം പദ്ധതിയിലൂടെ കഴിഞ്ഞിട്ടുള്ളതിന്റെ ലക്ഷണമാണ്. എൻ.ഡി.ആർ.എഫ് ഡെപ്യൂട്ടി കമ്മാൻഡന്റ് ജി.വിജയൻ, ആർ.എ.എഫ് ഡെപ്യൂട്ടി കമ്മാൻഡന്റുമാരായ ജി. ദിനേശ്, എസ്. ശിങ്കാരവേൽ, ഇൻസ്പെക്ടർ ഓഫ് പോലീസ് ഐ.എം. വിജയൻ, പദ്ധതിയുടെ കോ–ഓർഡിനേറ്റർ മോഹൻ കുമാർ തുടങ്ങിയവർ പങ്കെടുത്തു. ***(പി.ആർ. ശബരി–21)***

## പൂങ്കാവനത്തെ സംരക്ഷിക്കുന്നതിനുള്ള സപ്തകർമ്മങ്ങൾ

അയ്യപ്പന്റെ പൂങ്കാവനത്തിന് ദോഷമായ ഒന്നും, പ്രത്യേകിച്ച് പ്ലാസ്റ്റിക്ക് വസ്തുക്കൾ കൊണ്ടുവരാതിരിക്കുക. ശബരിമലയിൽ തീർഥാടനത്തിനിടയിൽ ഉണ്ടാകുന്ന മാലിന്യം അവിടെ ഉപേക്ഷിക്കാതെ തിരിച്ചുകൊണ്ടുപോയി സംസ്കരിക്കുക. ശബരിമലയിൽ എത്തുന്ന എല്ലാ അയ്യപ്പന്മാരും കുറഞ്ഞത് ഒരുമണിക്കൂർ ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുക. പമ്പാനദിയെ സംരക്ഷിക്കുക. നദിയിൽ കുളിക്കുമ്പോൾ സോപ്പോ, എണ്ണയോ ഉപയോഗിക്കരുത്. മടക്കയാത്രയിൽ വസ്ത്രങ്ങൾ നദിയിൽ ഉപേക്ഷിക്കരുത്. ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുക. ഒരു കാരണവശാലും തുറസായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തരുത്. എല്ലാ അയ്യപ്പന്മാർക്കും സ്വാമിയെ കാണാൻ തുല്യ അവകാശമുണ്ട്. നിര തെറ്റിക്കാതെ തിക്കും തിരക്കും കാണിക്കാതെ ക്യൂ പാലിക്കുക. അയ്യപ്പന്റെ പൂങ്കാവനത്തിൽ മാലിന്യം അല്ല, പകരം നന്മയുടെ വിത്തുകൾ വിതറുക. ആത്മജ്ഞാനത്തിന്റെ പൂങ്കാവനമാണ് ശബരിമല. അവിടം നശിപ്പിക്കരുത്. തത്വമസി ഒരു ജീവിതചര്യയാണ്. ഉത്തരവാദിത്വത്തോടും ബോധപൂർവവുമായ തീർഥാടനമാണ് കാനനവാസനായ അയ്യപ്പന് പ്രിയം. ***(പി.ആർ. ശബരി-22)***

## വൃശ്ചിക പുലരിയിൽ ശബരിമല ദർശനത്തിന് വലിയ തിരക്ക്

മണ്ഡല പൂജയ്ക്കു തുടക്കം കുറിക്കുന്ന വൃശ്ചിക പുലരിയിൽ ശബരിമല സന്നിധാനത്ത് ദർശനത്തിനായി അയ്യപ്പന്മാരുടെ വലിയ തിരക്ക്. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പന്മാരാണ് വലിയ തോതിൽ എത്തിയിട്ടുള്ളത്. കൊച്ചു കുട്ടികളും മാളികപ്പുറങ്ങളും അയ്യപ്പന്മാർക്കൊപ്പമുണ്ട്. സുഖദർശനത്തിനായി മികച്ച ക്രമീകരണമാണ് ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. പുലർച്ചെ മൂന്നു മണിക്കു നട തുറന്നപ്പോൾ ദർശനത്തിനായി അയ്യപ്പന്മാരുടെ വലിയ നിര വലിയ നടപ്പന്തലിലും സോപാനത്തും ഇടംപിടിച്ചിരുന്നു. രാവിലെ അഭിഷേകം, ഗണപതിഹോമം, ഉഷപൂജ എന്നിവ നടന്നു. സവിശേഷമായ നെയ്യ് അഭിഷേകം നടത്തി മനം നിറഞ്ഞാണ് തീർഥാടകർ മടങ്ങിയത്.

ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽ ഭക്ഷണം സൗജന്യമായി നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിപുലമായ ക്രമീകരണം തീർഥാടകർക്ക് വലിയ അനുഗ്രഹമാണ്. തീർഥാടകർ എത്തുന്ന മുറയ്ക്ക് ഉപ്പുമാവും കടല കറിയും ചെറു ചൂടുള്ള കുടിവെള്ളവും രാവിലെ ഇവിടെ വിതരണം ചെയ്തു. സന്നിധാനത്ത് ഏർപ്പെടുത്തിയിട്ടുള്ള പോലീസിന്റെ സുരക്ഷാ ക്രമീകരണം തീർഥാടകർക്ക് വലിയ സഹായമായി മാറിയിട്ടുണ്ട്. തിരക്കേറുമ്പോൾ സാധാരണ അയ്യപ്പന്മാർ തളർന്ന് വീഴാറുണ്ട്. എന്നാൽ, പോലീസിന്റെ മികച്ച ക്രമീകരണം മൂലം ദർശനത്തിനായി അധികസമയം തീർഥാടകർക്ക് കാത്തു നിൽക്കേണ്ടി വരുന്നില്ലെന്നതും ശ്രദ്ധേയമാണ്. ദർശനം നടത്തി വഴിപാടുകൾ കഴിച്ച് നെയ്യ് അഭിഷേകവും നടത്തിയാണ് അയ്യപ്പന്മാർ മടങ്ങുന്നത്. അപ്പം, അരവണ എന്നിവയുടെ വിതരണത്തിനായി കൂടുതൽ കൗണ്ടറുകൾ സജ്ജമാക്കിയതും തീർഥാടകർക്ക് ഏറെ സഹായകമായിട്ടുണ്ട്. മലകയറി വരുന്ന തീർഥാടകർക്ക് വിവിധ സ്ഥലങ്ങളിലായി ചെറു ചൂടുള്ള ചുക്ക് വെള്ളം വിതരണം ചെയ്യുന്നതിനും ദേവസ്വം ബോർഡ് മികച്ച ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

നിലയ്ക്കൽ ബേയ്സ് ക്യാമ്പിൽ വിരിവയ്ക്കുന്നതിനും വാഹന പാർക്കിംഗിനും ഉൾപ്പെടെ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയതും തീർഥാടകർക്ക് ഏറെ ഗുണകരമായി മാറിയിട്ടുണ്ട്. നിലയ്ക്കൽ-പമ്പ റോഡിലെ ഗതാഗത കുരുക്ക് ഇതു മൂലം ഒഴിവായിട്ടുണ്ട്. തീർഥാടകർ എത്തുന്ന മുറയ്ക്ക് നിലയ്ക്കൽ നിന്നു പമ്പയിലേക്കും തിരിച്ചും കെഎസ്ആർടിസി ആവശ്യത്തിന് സർവീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

***(പി.ആർ. ശബരി-23)***

## സന്നിധാനത്ത് മീഡിയ സെന്റർ പ്രവർത്തനം തുടങ്ങി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സന്നിധാനത്തെ മീഡിയ സെന്റർ ശബരിമല സ്പെഷ്യൽ കമ്മീഷണറും കൊല്ലം ജില്ലാ ജഡ്ജിയുമായ എം. മനോജ് ഉദ്ഘാടനം ചെയ്തു. മണ്ഡല- മകരവിളക്കു കാലത്ത് സർക്കാർ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ പ്രചാരണത്തിനും തീർഥാടകർക്ക് ആവശ്യമുള്ള വിവര

വിനിമയത്തിനുമുള്ള പ്രവര്‍ത്തനങ്ങള്‍ മീഡിയ സെന്ററില്‍ നടക്കും. ജില്ലാ ഇന്‍ഫര്‍മേഷന്‍ ഓഫീസര്‍ സി.മണിലാല്‍, അസിസ്റ്റന്റ് എഡിറ്റര്‍ എന്‍. സതീഷ് കുമാര്‍, ഫോട്ടോഗ്രാഫര്‍ പി. ഡാലു, ഇന്‍ഫര്‍മേഷന്‍ അസിസ്റ്റന്റ് കണ്ണനുണ്ണി തുടങ്ങിയവര്‍ സന്നിഹിതരായിരുന്നു. മീഡിയ സെന്റര്‍ ഫോണ്‍-04735 202664. ഇമെയില്‍-prdsannidhanam2019@gmail.com.

***(പി.ആര്‍. ശബരി-24)***




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 17 | 2018 |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### അയ്യപ്പന് കാണിക്കയായി മതമൈത്രി സംഗീതോത്സവം

വ്രതശുദ്ധിയുടെ വൃശ്ചികപുലരിയിൽ സന്നിധാനത്തെ ശാസ്താ ഓഡിറ്റോറിയത്തിൽ മുഴങ്ങികേട്ടത് മതമൈത്രി സംഗീത ശീലുകൾ. മണ്ഡല ഉത്സവത്തോട് അനുബന്ധിച്ച് ആദ്യ പരിപാടിയായി മതമൈത്രി സംഗീതജ്ഞൻ ഡോക്ടർ വാഴമുട്ടം ചന്ദ്രബാബുവാണ് സംഗീത സദസ് അവതരിപ്പിച്ചത്. തുളസീവന കൃതികൾ മാത്രം കച്ചേരിയായി അവതരിപ്പിക്കുന്ന വാഴമുട്ടം ചന്ദ്രബാബുവിന്റെ 46-മത് തുളസീവന സംഗീതപരിപാടിയാണ് സന്നിധാനത്ത് അരങ്ങേറിയത്. പ്രശസ്ത സംഗീതജ്ഞൻ നെയാറ്റിൻകര വാസുദേവന്റെ ശിഷ്യനാണ് ഡോക്ടർ വാഴമുട്ടം ചന്ദ്രബാബു. സംഗീതത്തിൽ ഡോക്ടറേറ്റ് ഉള്ള വാഴമുട്ടം ചന്ദ്രബാബുവിനൊപ്പം യു.എസ്. ദീക്ഷ്, വയലിൻ അടൂർ എസ്. അനന്ദകൃഷ്ണൻ, മൃതംഗം പന്തളം ജയപ്രകാശ് എന്നിവർ പങ്കെടുത്തു. *(പി.ആർ. ശബരി-25)*

### ശബരിമലയിൽ സുരക്ഷാ ചുമതലയിൽ ഐ.എം.വിജയൻ

വെടിയുണ്ടപോലെ ചീറിപ്പായുന്ന ഷോട്ടുകൾ കൊണ്ട് ഇന്ത്യൻ ഫുട്ബോളിന്റെ തലവര മാറ്റിയ ഐ.എം.വിജയൻ ശബരിമല സന്നിധാനത്ത് സേവനത്തിൽ. തൃശൂർ കെ.എ.പി. ഒന്നിലെ സി.ഐയായ ഐ.എം.വിജയൻ ശബരിമല സന്നിധാനത്ത് നവംബർ 30 വരെയുള്ള പോലീസിന്റെ ആദ്യഘട്ട സുരക്ഷാ ഡ്യൂട്ടിക്കായാണ് എത്തിയിട്ടുള്ളത്. ശരംകുത്തിയിലാണ് ഐ.എം.വിജയനെ സുരക്ഷാ ജോലിക്കായി നിയോഗിച്ചിട്ടുള്ളത്.

ഫുട്ബോൾ പോലെ പ്രിയപ്പെട്ടതാണ് തന്റെ പോലീസ് ജോലിയുമെന്ന് ഒരു ചെറു പുഞ്ചിരിയോടെ ഐഎം. വിജയൻ പറഞ്ഞു. ഇതിനു മുൻപും മണ്ഡലകാലത്ത് ശബരിമലയിൽ ഡ്യൂട്ടിക്ക് എത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കേരള ബ്ലാസ്റ്റേഴ്സിന്റെ പ്രകടനത്തെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖം വാടി. കേരള ബ്ലാസ്റ്റേഴ്സിന്റെ ഈ സീസണിലെ പ്രകടനത്തിൽ നന്നേ നിരാശനാണ് ഐ.എം.വിജയൻ. എല്ലാ മേഖലയിലും ബ്ലാസ്റ്റേഴ്സ് മികവ് പുലർത്തേണ്ടതുണ്ടെന്ന് അ

ദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ ഫുട്ബോൾ ഇതിഹാസമെന്ന നിലയിലും, ജയരാജിന്റെ ശാന്തം ഉൾപ്പടെയുള്ള ഒട്ടേറെ സിനിമകളിലെ അഭിനയത്തിലൂടെ നമ്മെ വിസ്മയിപ്പിക്കുകയും ചെയ്ത ഐ.എം.വിജയൻ പൊലീസ് വേഷത്തിലും തിളങ്ങുകയാണ്. നല്ല മഴ.. നമുക്ക് വീണ്ടും കാണാം, ശരം കുത്തിയിൽ മഴ കനത്തതോടെ സി.ഐ. ഐ.എം.വിജയൻ വീണ്ടും തന്റെ ജോലിയിൽ കർമ്മനിരതനായി. ***(പി.ആർ. ശബരി-26)***

## ഭക്തർക്ക് അക്ഷയപാത്രമായി സന്നിധാനത്തെ അന്നദാന മണ്ഡപം

കല്ലുംമുള്ളും താണ്ടി അയ്യനെ കാണാൻ എത്തുന്ന തീർഥാടകരുടെ വിശപ്പകറ്റാൻ സന്നിധാനത്ത് ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപം തുറന്നു. ഇന്നലെ രാവിലെ ഏഴിന് ശബരിമല സ്പെഷ്യൽ കമ്മിഷണറും കൊല്ലം ജില്ലാ ജഡ്ജിയുമായ എം.മനോജ് അന്നദാന മണ്ഡപത്തിലെ ഭക്ഷണ വിതരണം ഉദ്ഘാടനം ചെയ്തു. ശബരിമല എക്സിക്യൂട്ടീവ് ഓഫിസർ ഡി. സുധീഷ് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫിസർ ഡി. ജയകുമാർ എന്നിവർ പങ്കെടുത്തു. അന്നദാന മണ്ഡപത്തിന്റെ ചുമതല ദേവസ്വം സ്പെഷ്യൽ ഓഫീസർ ആർ.വിനോദിനാണ്. ഒരേ സമയം 2300 പേർക്ക് ഭക്ഷണം കഴിക്കാവുന്ന വിപുലമായ അന്നദാന മണ്ഡപമാണ് സന്നിധാനത്തുള്ളത്. രാവിലെ ഏഴു മുതൽ 10.30 വരെയാണ് പ്രഭാതഭക്ഷണ സമയം. ഉപ്പുമാവും കടല കറിയും ചുക്ക് കാപ്പിയുമാണ് പ്രഭാത ഭക്ഷണം.

11.30 മുതൽ മൂന്നു വരെയാണ് ഉച്ചഭക്ഷണസമയം. സാമ്പാർ, അവിയൽ, തോരൻ, അച്ചാർ, രസം എന്നിവ അടങ്ങിയതാണ് വിഭവ സമൃദ്ധമായ ഉച്ചയൂണ്. അന്നദാന മണ്ഡപത്തിൽ എത്തുന്ന എല്ലാവർക്കും ഭക്ഷണം നൽകാൻ തങ്ങൾ സജ്ജരാണെന്ന് അന്നദാന മണ്ഡപത്തിന്റെ ഏകോപനം നിർവഹിക്കുന്ന ജി. സുജാതൻ നായർ പറഞ്ഞു. കഞ്ഞിയും പയറുകറിയും അച്ചാറുമാണ് രാത്രി ഭക്ഷണം. രാത്രി ഏഴു മുതൽ 11 വരെയാണ് കഞ്ഞിയും പയറുകറിയും ചേർന്ന രാത്രി ഭക്ഷണം ലഭിക്കുക. ഭക്തർക്ക് ഭക്ഷണം ഒരുക്കാൻ അന്നദാന മണ്ഡപത്തിന്റെ അണിയറയിൽ 70 പാചകക്കാരാണ് ജോലിചെയ്യുന്നത്. വിളമ്പാനും തീൻമേശ വൃത്തിയാക്കാനുമായി 180 താൽക്കാലിക ജോലിക്കാരെ ദേവസ്വം ബോർഡ് നിയമിച്ചിട്ടുണ്ട്. ***(പി.ആർ. ശബരി-27)***

## സന്നിധാനവും പരിസരവും പൊടിവിമുക്തമാക്കി ഫയർഫോഴ്സ്

ശബരിമല സന്നിധാനത്തെ വലിയ നടപ്പന്തൽ ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ വെള്ളമൊഴിച്ചു കഴുകി വൃത്തിയാക്കി. പൊടി ശല്യത്തിനു പരിഹാരം കാണുന്നതിനാണ് വെള്ളം സ്പ്രേ ചെയ്ത് കഴുകിയത്. ഭക്തരുടെ സുരക്ഷയ്ക്കായി സദാസമയവും കർമ്മ നിരതരാണ് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ. ഭക്തർക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടാൽ ഉടൻ സ്ട്രെച്ചറിൽ ആശുപത്രിയിൽ എത്തിക്കുക, തീപിടുത്തം നിയന്ത്രിക്കുക തുടങ്ങിയ പ്രധാന ജോലികൾ കൂടാതെ പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി അതത് മേഖലയിലെ പൊടി ശല്യം വെള്ളമൊഴിച്ചു പരിഹരിക്കുന്നതും ഫയർഫോഴ്സാണ്.

വയനാട് ജില്ല ഫയർ ഓഫീസർ വി.സി. വിശ്വനാഥാണ് ശബരിമലയിലെ ഫയർഫോഴ്സ് സ്പെഷ്യൽ ഓഫീസർ. ആറ്റിങ്ങൽ സ്റ്റേഷൻ ഓഫീസർ എസ്. ഗോപകുമാർ സ്റ്റേഷൻ ഓഫീസറായും പ്രവർത്തിക്കുന്നു. ആദ്യ ഘട്ട ബാച്ചിൽ 66 സേനാംഗങ്ങളെയാണ് ഫയർഫോഴ്സ് വിന്യസിച്ചിട്ടുള്ളത്.

കൺട്രോൾ റൂം, നടപന്തൽ, ഭസ്മക്കുളം, മാളികപ്പുറം, ശരംകുത്തി, മരക്കൂട്ടം, പാണ്ടിതാവളം, കെ.എസ്.ഇ.ബി, കൊപ്രാക്കളം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഫയർഫോഴ്സ് യൂണിറ്റുകൾ സന്നിധാനത്ത് ഭക്തരുടെ സുരക്ഷയ്ക്കായി സദാ പ്രവർത്തിക്കുന്നത്. സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഓരോ യൂണിറ്റിലും ഒരു ലീഡിംഗ് ഫയർ ഓഫീസർ ഉണ്ട്. ഒരു യൂണിറ്റിൽ ഏഴു പേരാണ് ഉള്ളത്. ഫോൺ നമ്പർ- സന്നിധാനം: 04735-202033, സ്പെഷൽ ഓഫീസർ: 9497920122, സ്റ്റേഷൻ ഓഫീസർ: 9497920035.

***(പി.ആർ. ശബരി-28)***

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **17** | **2018** |



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

തീർഥാടനം സുഗമമായി പുരോഗമിക്കുന്നു

### അടിയന്തിര സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കും: ജില്ലാ കളക്ടർ

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ അടിയന്തിര സഹായ കേന്ദ്രങ്ങളുടെ(എമർജൻസി ഓപ്പറേഷൻ സെന്റർ) പ്രവർത്തനം ശക്തിപ്പെടുത്തുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് സ്ഥല സന്ദർശനം നടത്തിയ ശേഷം സന്നിധാനത്ത് സംസാരിക്കുകയായിരുന്നു കളക്ടർ.

ദുരന്തനിവാരണം, വകുപ്പുകളുടെ ഏകോപനം എന്നിവയാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അടിയന്തിര സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ, ഓഫീസർമാർ, രൂപഘടന തുടങ്ങിയവ തീരുമാനിച്ചിട്ടു ്. അടിയന്തിര സഹായ കേന്ദ്രങ്ങൾ മൂന്നു ദിവസത്തിനുള്ളിൽ പൂർണ തോതിൽ പ്രവർത്തന സജ്ജമാകും.

തീർഥാടനവുമായി ബന്ധപ്പെട്ട കുടിവെള്ള വിതരണം, ശൗചാലയ സൗകര്യം ഉൾപ്പെടെയുള്ള മറ്റ് അവശ്യ സേവനങ്ങളുടെ സ്ഥിതി പരിശോധിച്ചു. പമ്പയിലെ ശൗചാലയങ്ങൾ ഉടൻ പൂർണതോതിൽ പ്രവർത്തന ക്ഷമമാകും. ഭൂരിപക്ഷം ശൗചാലയങ്ങളും ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഇതിനു പുറമേ പമ്പയിലെ ആരോഗ്യവകുപ്പിന്റെ ആശുപത്രിയും പരിശോധിച്ചു. ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി ഇവിടെ പൂർത്തിയാകാനു ്. ര ു ദിവസത്തിനുള്ളിൽ ഇത് സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർഥാടനം സുഗമമായി പുരോഗമിക്കുകയാണെന്നും കളക്ടർ പറഞ്ഞു. സന്നിധാനത്തെ പോലീസ് സേനയുടെ ചുമതലയുള്ള ഐ.ജി. വിജയ്സാക്കറെ, എസ്പിമാരായ ശിവവിക്രം, കെ.എസ്. സുദർശനൻ, പ്രദീഷ്കുമാർ, ദ്രുതകർമ്മ സേനയുടെ സെക്കൻഡ് ഇൻ കമാൻഡന്റ് സതീഷ് കുമാർ ദുബൈ, ഡെപ്യൂട്ടി കമാൻഡന്റുമാരായ ദിനേഷ് കുമാർ, ശിങ്കാരവേൽ എന്നിവരുമായും കളക്ടർ കൂടിക്കാഴ്ച നടത്തി.

(പി.ആർ. ശബരി-29)

## ഹൃദയാഘാതം: ആന്ധ്ര സ്വദേശിനി മരിച്ചു

മലകയറുന്നതിനിടെ ഹൃദയാഘാതം അനുഭവപ്പെട്ട ആന്ധ്രപ്രദേശിലെ വിശാഖ പട്ടണം സ്വദേശിനിയായ ഗുഡ്‌ല ചന്ദ്രകാന്തം(50) മരിച്ചു. ഹൃദയാഘാതം അനുഭവപ്പെട്ട തിനെ തുടർന്ന് അയ്യപ്പസേവാസംഘം പ്രവർത്തകർ ഇവരെ അപ്പാച്ചിമേട്ടിലെ കാർഡി യോളജി സെന്ററിൽ പ്രവേശിപ്പിച്ചു. അടിയന്തിര ചികിത്സ ലഭ്യമാക്കിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. (പി.ആർ. ശബരി-30)

## ഭക്തർക്ക് ആശ്വാസമേകി ശബരിമല സോപാനം ക്ലിനിക്ക് തുറന്നു

മലകയറി വരുന്ന അയ്യപ്പ ഭക്തരുടെ ആരോഗ്യ സംരക്ഷണത്തിനായി സഹാസിന്റെയും എസ്.ആർ.എം. സിംസ് ഹോസ്പിറ്റലിന്റെയും സംയുക്ത സംരംഭമായ ശബരിമല സോപാനം പ്രിവന്റീവ് ക്ലിനിക്ക് പ്രവർത്തനം തുടങ്ങി. ഇന്നലെ രാവിലെ തിരുമുറ്റത്ത് നടന്ന ചടങ്ങിൽ ശബരിമല തന്ത്രി കണ്ഠര് രാജീവര് ഉദ്ഘാടനം നിർവ ഹിച്ചു. മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരി, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ ഡി.സുധീഷ് കുമാർ, സഹാസ് എക്സിക്യൂട്ടീവ് ഓഫീസർ ഡോക്ടർ. ഒ.വാസുദേവൻ എന്നിവർ സന്നിഹിതരായിരുന്നു.

മലകയറി എത്തുന്ന പ്രായമുള്ളവർക്കും, ശ്വാസകോശ, ഹൃദയ സംബന്ധമായ അസുഖം ഉള്ളവർക്കും, രക്തസമ്മർദം, പ്രമേഹം തുടങ്ങിയ അസുഖങ്ങൾ ഉള്ളവർക്കും ആശ്വാസമാണ് സോപാനം പ്രിവന്റീവ് ക്ലിനിക്ക്. രോഗികളായ അയ്യപ്പഭക്തർക്ക് ഇവിടെ പ്രാഥമിക ചികിത്സ നൽകി ആശ്വാസമേകും. ചെറിയ മുറിവുകൾക്കുള്ള പ്രാഥമിക ചികിത്സയും സോപാനം ക്ലിനിക്കിൽ ലഭ്യമാണ്.

ചെന്നൈ എസ്.ആർ.എം. മെഡിക്കൽ കോളജ് എമർജൻസി മെഡിസിൻ സ്പെഷലിസ്റ്റ് ഡോക്ടർ വിപിന്റെ സേവനം നട തുറക്കുമ്പോൾ മുതൽ അടയ്ക്കുന്നത് വരെ സോപാനം ക്ലിനിക്കിൽ ലഭ്യമാണ്. പരിശീലനം നേടിയ ഒരു സ്റ്റാഫ് നഴ് സിന്റെയും ഒരു നഴ്സിംഗ് അസിസ്റ്റന്റിന്റെയും സേവനവും ലഭ്യമാണ്. കൂടാതെ എൻ.ഡി.ആർ.എഫിന്റെ ഫാർമസിസ്റ്റിന്റെ സേവനവും ക്ലിനിക്കിൽ ഉ ്.

ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ഉപയോഗിക്കുന്ന ആധുനിക ഉപകരണമായ ഷോക്ക് ബോക്സ് എന്നറിയപ്പെടുന്ന എ. ഇ. ഡി. മെഷീനും സോപാനം ക്ലിനിക്കിൽ ഉ ്. മലകയറി എത്തുന്ന അയ്യപ്പ ഭക്തർക്ക് ശ്വാസംമുട്ടോ, ഹൃദയസംബന്ധമായ ബുദ്ധിമുട്ടോ അനുഭവപ്പെട്ടാൽ ഉടൻ സോപാനം ക്ലിനിക്കിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് സഹാസ് കാർഡിയോളജി സെന്റർ സെക്രട്ടറിയും ചീഫ് മെഡിക്കൽ ഓഫീസറുമായ ഡോക്ടർ ഒ. വാസുദേവൻ പറഞ്ഞു.

(പി.ആർ. ശബരി-31)

## ധനലക്ഷ്മി ബാങ്ക് സന്നിധാനം ശാഖ തുറന്നു

ധനലക്ഷ്മി ബാങ്കിന്റെ സന്നിധാനം ശാഖ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ ഉദ്ഘാടനം ചെയ്തു. ദേവസ്വം ബോർഡ് കമ്മീ ഷണർ എൻ. വാസു, ശബരിമല സ്പെഷൽ കമ്മീഷണർ എം. മനോജ്, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ശങ്കരൻപോറ്റി, എക്സിക്യുട്ടീവ് ഓഫീസർ ഡി. സുധീഷ് കുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സുനിൽ അരുമാനൂർ, ദേവസ്വം ബോർഡ് പ്ര സിഡന്റിന്റെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീകുമാർ, ധനലക്ഷ്മി ബാങ്ക് ചീഫ് ജനറൽ മാ നേജർ പി.മണികണ്ഠൻ, അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി. ശ്രീകുമാർ, തിരുവനന്ത പുരം റീജിയണൽ മാനേജർ ആർ. അഭിലാഷ് എന്നിവർ സന്നിഹിതരായിരുന്നു.

ബാങ്കിന്റെ മൂന്ന് എടിഎമ്മുകൾ സന്നിധാനത്തും ഒരു എടിഎം പമ്പയിലും പ്രവർത്തനമാരംഭിച്ചു. നിലയ്ക്കലിൽ ഒരു ശാഖയും എടിഎമ്മും ഉടൻ പ്രവർത്തനം ആ രംഭിക്കുമെന്നും ചീഫ് ജനറൽ മാനേജർ അറിയിച്ചു. (പി.ആർ. ശബരി-32)

ഫോട്ടോ അടിക്കുറിപ്പ്

1) ധനലക്ഷ്മി ബാങ്കിന്റെ സന്നിധാനം ശാഖ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 17 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### ശബരിമല തീർഥാടനം: മാംസഭക്ഷണം നിരോധിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള കടകളിൽ മാംസഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി. ളാഹ, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിലെ കടകളിൽ മാംസഭക്ഷണം പാകം ചെയ്ത് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് ജില്ലാ കളക്ടർ ഉത്തരവിറക്കിയിട്ടുള്ളത്.

(പി.ആർ. ശബരി-34)

### ശബരിമല തീർഥാടനം: വിലവിവരപ്പട്ടികകൾ വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കണം

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലും മലയാളം, ഹിന്ദി, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് ഭാഷകളിൽ വിലവിവരപ്പട്ടിക പ്രദശിപ്പിക്കുന്നത് കർശനമാക്കി ജില്ലാ കളക്ടർ ഉത്തരവായി. (പി.ആർ. ശബരി-35)

### ശബരിമല തീർഥാടനം : വാഹനങ്ങളുടെ സമീപം ഗ്യാസ് സിലി ർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് നിരോധിച്ചു

ശബരിമല തീർഥാടന കാലയളവിൽ നിലയ്ക്കലിലെ പാർക്കിംഗ് സ്ഥലം, പത്തനംതിട്ട മുതൽ പമ്പ വരെയുള്ള വഴിയോരങ്ങൾ എന്നിവിടങ്ങളിൽ വാഹനങ്ങളുടെ സമീപത്തായി ഗ്യാസ് സിലി ർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് സുരക്ഷാ കാരണങ്ങളാൽ നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി. (പി.ആർ. ശബരി-36)

## ശബരിമല തീർഥാടനം: മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിരോധിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ, ശബരിമല കാനന പാതകൾ, തീർഥാടകർ സഞ്ചരിക്കുന്ന വനാതിർത്തികൾ എന്നിവിട ങ്ങൾ ചപ്പുചവറുകൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പികൾ, ആഹാര അവശിഷ്ടങ്ങൾ, ശീതള പാനീയ കുപ്പികൾ എന്നിവ പൊതുശല്യമു ാക്കുന്ന വിധത്തിൽ നിക്ഷേപിക്കുന്നത് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

(പി.ആർ. ശബരി-37)

## ശബരിമല തീർഥാടനം: പമ്പയിൽ സോപ്പ്, എണ്ണ എന്നിവ ഉപയോഗിച്ചുള്ള സ്നാനം നിരോധിച്ചു

ശബരിമല തീർഥാടന കാലയളവിൽ പമ്പാ നദിയിൽ സോപ്പ്, എണ്ണ എന്നിവ ഉപയോഗിച്ച് സ്നാനം ചെയ്യുന്നത് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

(പി.ആർ. ശബരി-38)

## ശബരിമല തീർഥാടനം: പഴുതടച്ച സംവിധാനങ്ങളുമായി ഭക്ഷ്യസുരക്ഷാ വകുപ്പും ലീഗൽ മെട്രോളജിയും

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടന കാലത്ത് ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പഴുതടച്ച സംവിധാനങ്ങളാണ് ഭക്ഷ്യസു രക്ഷാ വകുപ്പ് ഒരുക്കിയിട്ടുള്ളത്. ശബരിമല, പമ്പ, നിലയ്ക്കൽ, ളാഹ, തുലാപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ചിട്ടു ്. സന്നിധാനത്ത് ഒരു ഭക്ഷ്യസുരക്ഷ ഓഫീസറുടെ മേൽനോട്ടത്തിൽ മൂന്നംഗ സ്ക്വാഡും നിലയ്ക്കൽ, ളാഹ ഭാഗങ്ങളിൽ ഭക്ഷ്യസുരക്ഷ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ് പെഷ്യൽ സ്ക്വാഡും പമ്പയിലേയ്ക്ക് പ്രത്യേകമായി ഒരു ഭക്ഷ്യസുരക്ഷ ഓഫീസറേയുമാണ് മുഴുവൻ സമയ പ്രവർത്തനത്തിനായി നിയോഗിച്ചിരിക്കുന്നത്. ആഹാര സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തന നിരതമായിരിക്കും.

നിലയ്ക്കലിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചു. ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലും പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിലും പരിശോധി ക്കും. പഴകിയതോ മായം കലർന്നതോ ആയ ഭക്ഷണ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാർ 2006ലെ ഭക്ഷ്യസുരക്ഷ നിലവാര നിയമപ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കും. എല്ലാ സ്ഥാപനങ്ങളിലും 1800 425 1125 എന്ന ഭക്ഷ്യസുരക്ഷ ടോൾ ഫ്രീ നമ്പർ പ്രദർശിപ്പിച്ചിട്ടു ന്ന് ഉറപ്പുവരുത്തും. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി രാസ പരിശോധനയ്ക്കും മൈക്രോബയോളജി പരിശോധനയ്ക്കും പ്രത്യേകമായി സാമ്പിളുകൾ ശേഖരിക്കും. കൂടാതെ, അന്നദാനസ്ഥലങ്ങളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി പ്രത്യേക സ്ക്വാഡും പ്രവർത്തിക്കും.

ശബരിമല തീർഥാടത്തോടനുബന്ധിച്ച് ഭക്ഷണപദാർഥങ്ങൾ നിർദിഷ്ട അളവിലും തൂക്കത്തിലും ലഭിക്കുന്നു ോ എന്നും പാക്കേജ്ഡ് കമ്മോഡിറ്റീസ് നിയമപ്രകാരം പായ്ക്കറ്റിന് പുറത്ത് വേ തായ പ്രഖ്യാപനങ്ങൾ രേഖപ്പെടുത്തിയിട്ടു ോ എന്നും ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കും. പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലയേക്കാൾ അധികവില ഈടാക്കുക, കാലവധി കഴിഞ്ഞ ഉത്പന്നങ്ങൾ വിറ്റഴിക്കുക തുടങ്ങിയവയ്ക്കെതിരെ വകുപ്പ് കർശന നടപടി സ്വീകരിക്കും. പെട്രോൾ പമ്പുകളിൽ നിർദ്ദിഷ്ട അളവുകളിൽ ഇന്ധനം ലഭ്യമാക്കുന്നു ോ എന്ന പരിശോധനയും വകുപ്പ് കർശനമാക്കും.

(പി.ആർ. ശബരി-39)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.